**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1966** **09-02-2023 - ൽ മറുപടിയ്ക്ക്**

**ഇ-ഗവേണൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സർക്കാരിൽ നിന്നും പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനും സുതാര്യമായ ഭരണ നിർവഹണത്തിനും ഇ-സേവനം വിപുലമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | വിപുലമാക്കിയിട്ടുണ്ട്. സർക്കാരിൽ നിന്നും പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനു വേണ്ടി സംസ്ഥാന ഐ ടി മിഷൻ വിവിധ വകുപ്പുകളുടെ ഓൺലൈൻ സേവനങ്ങൾ ഇ-സേവനം എന്ന കേന്ദ്രീകൃത സർവീസ് പോർട്ടലിലൂടെ (https://services.kerala.gov.in/) ജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. 60 വകുപ്പുകളുടെ 500 സേവനങ്ങളുമായി ആരംഭിച്ച പോർട്ടലിൽ നിലവിൽ 80 വകുപ്പുകളിൽ നിന്നുള്ള 884 സേവനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ഓഫീസുകൾ കയറിയിറങ്ങാതെ വീട്ടിലിരുന്നുകൊണ്ടു തന്നെ നിരവധി സേവനങ്ങൾ ഉപയോഗപ്പെടുത്തുവാൻ ഇ-സേവനം പോർട്ടൽ (https://services.kerala.gov.in/), എം-സേവനം മൊബൈൽ ആപ്പ്ളിക്കേഷൻ എന്നിവയിലൂടെ സാധിക്കുന്നു. എം-സേവനം മൊബൈൽ ആപ്പ്ളിക്കേഷനിൽ 80 വകുപ്പുകളുടെ 683 സേവനങ്ങൾ ലഭിക്കും. ഇ-സേവനം, എം-സേവനം എന്നിവയിൽ കൂടുതൽ സേവനങ്ങൾ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തിന്റെ ഇ-ഗവേണൻസ് സർവീസ് ഡെലിവറി സംവിധാനങ്ങൾക്ക് ദേശീയ അംഗീകാരം ലഭിച്ചിരുന്നോ; വ്യക്തമാക്കാമോ; | (ബി) | കേന്ദ്ര സർക്കാരിന്റെ ഡിപ്പാർട്ട്മെൻറ് ഓഫ് അഡ്മിനിസ്ട്രേറ്റിവ് റീഫോംസ് ആൻഡ് പബ്ലിക് ഗ്രീവൻസെസ് നടത്തിയ പഠന പ്രകാരം (നാഷണൽ ഇ-ഗവേണൻസ് സർവീസ് ഡെലിവറി അസ്സെസ്സ്മെൻറ്) 2019 ലും 2021-ലും ഇ-ഗവേണൻസ് പ്രദാനം ചെയ്യുന്നതിൽ കേരള സംസ്ഥാനത്തിന്റെ പോർട്ടൽ (https://kerala.gov.in) ഒന്നാം സ്ഥാനത്ത് എത്തിയിരുന്നു. |

| | | | |
|---|---|---|---|
| | | | ഇതിനു പുറമെ ഡിജിറ്റൽ ഭരണത്തിലെ മാതൃകാപരമായ സംരംഭങ്ങളെ തിരിച്ചറിയുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ ഡിജിറ്റൽ ഇന്ത്യ അവാർഡുകളുടെ ഏഴാം പതിപ്പിൽ കേരളത്തിൽ നിന്നുള്ള 3 സംരംഭങ്ങൾ വിജയികളായിട്ടുണ്ട്.<br><br>1. ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (പ്ലാറ്റിനം അവാർഡ്, സ്റ്റാർട്ടപ്പ് മേഖലയുമായി സഹകരിച്ചുള്ള ഡിജിറ്റൽ സംരംഭങ്ങൾ)<br><br>2. കോട്ടയം ജില്ലയുടെ വെബ്സൈറ്റ് (ഗോൾഡ് അവാർഡ്, GIGW (Guidelines for Indian Government Websites), ആക്സസിബിലിറ്റി മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിക്കുന്ന മികച്ച വെബ്, മൊബൈൽ സംരംഭങ്ങൾ ഉൾപ്പെടുന്ന വിഭാഗം)<br><br>3.ക്ഷീരശ്രീ പോർട്ടൽ (സിൽവർ അവാർഡ്, ഗ്രാസ്റൂട്ട് ലെവൽ വിഭാഗത്തിലെ ഡിജിറ്റൽ സംരംഭങ്ങൾ) |
| (സി) | വിവരസുരക്ഷയും സ്വകാര്യതയും ഉറപ്പുവരുത്തിക്കൊണ്ട് ഇ-ഗവേണൻസിലെ മികവ് വർദ്ധിപ്പിക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ? | (സി) | സംസ്ഥാന സർക്കാരിൻറെ വിവിധ വകുപ്പുകളുടെ ഇ-ഗവേണൻസ് ആപ്ലിക്കേഷനുകൾ സുരക്ഷിതമായി കൈകാര്യം ചെയ്യുന്നതിനായി കേരള സംസ്ഥാന ഐ ടി മിഷൻറെ കീഴിൽ പ്രവർത്തിക്കുന്ന രണ്ടു ഡാറ്റാ സെന്ററിലായി ഹോസ്റ്റ് ചെയ്തിരിക്കുന്നു. ഈ ആപ്ലിക്കേഷനുകളുടെ സുരക്ഷ ഉറപ്പു വരുത്തുന്നതിനായി അത്യാധുനിക സംവിധാനങ്ങൾ സ്റ്റേറ്റ് ഡാറ്റാ സെന്ററുകളിൽ സജ്ജമാക്കിയിട്ടുണ്ട്.<br><br>പുതുതായി രൂപകല്പന ചെയ്ത ഇ-ഗവേണൻസ് ആപ്ലിക്കേഷനുകൾ ഹോസ്റ്റ് ചെയ്യുന്നതിന് മുൻപായി സെക്യൂരിറ്റി ഓഡിറ്റ് നടത്തി ആപ്ലിക്കേഷനുകളിലെ സുരക്ഷാ ന്യൂനതകളെല്ലാം പരിഹരിച്ച "സേഫ് ടു ഹോസ്റ്റ് സർട്ടിഫിക്കറ്റ്" സമർപ്പിച്ചെങ്കിൽ മാത്രമേ ഹോസ്റ്റ് ചെയ്യാനുള്ള അനുമതി ലഭിക്കുകയുള്ളൂ.<br><br>ഒരു മുൻകരുതൽ നടപടിയായി, നിലവിൽ ഹോസ്റ്റ് ചെയ്തിട്ടുള്ള ഇ-ഗവേണൻസ് ആപ്ലിക്കേഷനുകളുടെ സുരക്ഷാ ന്യൂനതകൾ സെർട്ട് - കെ (CERT-K) നിശ്ചിത ഇടവേളകളിൽ പരിശോധിച്ചു കണ്ടെത്തുകയും, അതിലെ സുരക്ഷാ പാളിച്ചകൾ യഥാസമയം അതാത് വകുപ്പുകളെ അറിയിക്കുകയും വേണ്ട സുരക്ഷാ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുകയും ചെയ്യുന്നു.<br><br>വിവിധ വകുപ്പുകളിലുള്ള വിവര സാങ്കേതിക മേഖലയിലെ ഉദ്യോഗസ്ഥർക്ക് സൈബർ സെക്യൂരിറ്റി |

| | | | |
|---|---|---|---|
| | | | സംബന്ധമായ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും സുരക്ഷാ നിർദേശങ്ങൾ നല്കുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ